LIBRARY ARCHIVES Kerala Legislative Assembly

ജയിലിൽ കഴിയുന്നവരുടെ കുടുംബങ്ങൾക്ക് സംരക്ഷണം

191 (7754) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊലപാതകങ്ങളിലും പീഡനക്കേസുകളിലും ശിക്ഷിച്ച് ജയിലുകളിൽ കഴിയുന്നവരുടെ കുടുംബങ്ങൾക്ക് സാമൂഹ്യനീതിയും ജീവിത സാഹചര്യങ്ങളും നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) തങ്ങളുടേതല്ലാത്ത കാരണത്താൽ ഇപ്രകാരം അനാഥമാക്കപ്പെടുന്ന കുടുംബങ്ങളെ സംരക്ഷിക്കുന്ന ഉത്തരവാദിത്വം കണക്കിലെടുത്ത് പുതിയ പദ്ധതിക്ക് രൂപം നൽകുമോ ;

(സി) ഇക്കാര്യത്തിലുള്ള നയം വ്യക്തമാക്കുമോ ?

ഉത്തരം

(എ) തടവുകാരുടെ കുടുംബങ്ങൾക്ക് സാമൂഹ്യനീതിയും ജീവിത സാഹചര്യങ്ങളും ഉറപ്പാക്കുന്നതിന്റെ ഭാഗമായി രണ്ട് വർഷത്തിലധികം ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്ന എല്ലാ തടവുകാരുടേയും മക്കളുടെ ഡിഗ്രിതലം വരെയുള്ള പഠനത്തിന് സാമൂഹ്യനീതി വകുപ്പിൽ നിന്നും ധനസഹായം നൽകിവരുന്നുണ്ട്. 1-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ് വരെയുള്ള പഠനത്തിന് പ്രതിവർഷം 6,000 രൂപയും +1 മുതൽ ഡിഗ്രി തലംവരെ പ്രതിവർഷം 12,000 രൂപ നിരക്കിലുമാണ് ധനസഹായം നൽകി വരുന്നത്.

(ബി & സി) തടവുകാരുടെ കുടുംബാംഗങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ആശ്രിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ധനസഹായം നൽകുന്ന ഒരു പദ്ധതി സാമൂഹ്യനീതി വകുപ്പിന്റെ പരിഗണനയിലാണ്. കുടുംബനാഥന്മാരോ കുടുംബനാഥകളോ ദീർഘകാലം ജയിൽ ശിക്ഷ അനുഭവിക്കുന്നതുമൂലം സാമ്പത്തികമായും സാമൂഹ്യമായും വെല്ലുവിളികൾ നേരിടേണ്ടിവരുന്ന നിരാലംബരായ കുടുംബാംഗങ്ങളെ പുനഃരധിവസിപ്പിക്കുന്നതിനുള്ള നടപടികൾക്കും സാമൂഹ്യനീതിവകുപ്പ് മുൻഗണന നൽകുന്നുണ്ട്.

ജയിലിൽ നിന്നും ഭക്ഷണം ഉണ്ടാക്കി വില്പന നടത്തുന്നതിലെ വരുമാനം

192 (7755) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിൽനിന്നും ഭക്ഷണം ഉണ്ടാക്കി വില്പന നടത്തുകവഴി 2013 വർഷത്തിൽ എത്ര രൂപയുടെ വില്പനയുണ്ടായി ;

(ബി) ഇതുപ്രകാരം എത്ര രൂപയുടെ ലാഭം ജയിൽ വകുപ്പിന് നേടാൻ കഴിഞ്ഞു ;

(സി) 2014-ൽ ഇതേവരെ എത്ര രൂപയുടെ ഭക്ഷണപദാർത്ഥങ്ങൾ വില്പന നടത്തി ;

(ഡി) പൊതുജനങ്ങൾക്ക് പോഷകസമൃദ്ധവും ഗുണമേന്മയുള്ളതും കുറഞ്ഞ വിലയിൽ ലഭ്യമാകുന്നതുമായ ജയിൽ ഭക്ഷ്യവിഭവങ്ങളുടെ വില്പന കൂടുതൽ ഔണുകളിലേക്കും ജനങ്ങളിലേക്കും എത്തിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2013 വർഷത്തിൽ 23,71,30,017 (ഇരുപത്തിമൂന്ന് കോടി എഴുപത്തിയൊന്ന് ലക്ഷത്തി മുപ്പതിനായിരത്തി പതിനേഴ് രൂപ മാത്രം) രൂപയുടെ വില്പനയുണ്ടായി.

(ബി) 4,86,32,686 രൂപ (നാല് കോടി എൺപത്തിയാറ് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി അറുനൂറ്റി എൺപത്തിയാറ് രൂപ മാത്രം)

(സി) 8,65,13,197 (എട്ട് കോടി അറുപത്തിയഞ്ച് ലക്ഷത്തി പതിമൂന്നായിരത്തി നൂറ്റിതൊണ്ണൂറ്റിയേഴ് രൂപ)

(ഡി & ഇ) ഇപ്പോൾ പരിഗണനയിലില്ല.

കോടതികളിലും ജയിലുകളിലും വീഡിയോ കോൺഫറൻസിംഗ് സംവിധാനം

193 (7756) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജയിലുകളിലും കോടതികളിലും സ്ഥാപിച്ച വീഡിയോ കോൺഫറൻസിംഗ് സൗകര്യങ്ങൾ ഉപയോഗശൂന്യമായിരിക്കുന്നതു സംബന്ധിച്ച് കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ നിരീക്ഷണത്തിന്മേൽ എന്തുനടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

ജയിലുകളേയും കോടതികളേയും തമ്മിൽ ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഇതിനകം സ്ഥാപിച്ചിട്ടുള്ള, അഞ്ച് ജില്ലകളിലെ ജയിലുകളിലേയും നിലവിലുള്ള അപാകതകൾ പരിഹരിച്ച് സംവിധാനം പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുന്നതിനും ശേഷിച്ച 9 ജില്ലകളിലെ ജയിലുകളിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം പുതുതായി സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി, നിർമ്മാണ പ്രവർത്തികൾ നടത്തുന്നതിനും ആവശ്യമായ ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിനും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിനെ ചുമതല പ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly